**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3886** **09-10-2025 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന വകുപ്പിലെ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതു മാനദണ്ഡങ്ങളും, മാർഗ്ഗനിർദേശങ്ങളും പ്രതിപാദിക്കുന്ന ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25.02.2017-ലെ സ. ഉ. (പി) നം. 3/2017/ ഉഭപവ പ്രകാരമുള്ള ഉത്തരവിന് അനുസൃതമായാണോ മോട്ടോർ വാഹന വകുപ്പിലെ പൊതു സ്ഥലംമാറ്റം നടക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | മോട്ടോർ വാഹന വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം 25.02.2017 ലെ സ.ഉ(പി)നം.3/2017/ഉഭപവ പ്രകാരവും ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം 25.02.2017 ലെ സ.ഉ(പി)നം.3/2017/ഉഭപവ, 04.01.2019 ലെ സ.ഉ(കൈ)നം.1/2019/ട്രാൻസ് എന്നീ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പ്രകാരവുമാണ് നടത്തി വരുന്നത്. |
| (ബി) | സ്പാർക്കിലെ സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണോ എം.വി.ഡി. മാരുടെ സ്ഥലംമാറ്റം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സ്പാർക്കിലെ സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലും, ആക്ഷേപം ഉന്നയിച്ചു കൊണ്ട് ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന തടസ്സവാദങ്ങൾ പരിശോധിച്ചുകൊണ്ടും, വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യങ്ങൾ പരിഗണിച്ചു കൊണ്ടും, പരമാവധി കുറ്റമറ്റ രീതിയിലാണ് മോട്ടോർ വാഹന വകുപ്പിൽ നിലവിൽ പൊതു സ്ഥലംമാറ്റം നടത്തിയിട്ടുള്ളത്. |
| (സി) | സ്പാർക്കിൽ പ്രോഗ്രാം ഹാക്ക് ചെയ്താണ് ട്രാൻസ്ഫർ നടത്തിയിട്ടുള്ളത് എന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഹാക്ക് ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | ഹാക്ക് ചെയ്തു എന്ന് ആരോപിച്ചു കൊണ്ട് ഒരു പരാതി ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |
| (ഡി) | ഇതു സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ എത്ര കേസുകൾ നിലവിലുണ്ട്; വിശദാംശം നൽകുമോ? | (ഡി) | സ്പാർക്കിൽ പ്രോഗ്രാം ഹാക്ക് ചെയ്തതായി ആരോപിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസുകളൊന്നും നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ